ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര ജില്ലാ ആശുപത്രിയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. അസിസ്റ്റന്റ് സർജൻ - 4
2. സ്റ്റാഫ് നഴ്സ് - 10
3. ഡെന്റൽ മെക്കാനിക്ക് - 1
4. ഫാർമസിസ്റ്റ് - 1

(ബി&സി) മാവേലിക്കര ജില്ലാ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 347 ആണ്. ടി ആശുപത്രി പൂർണ്ണ പ്രവർത്തനസജ്ജമാക്കുന്നതിന് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുകളും ഉൾപ്പെടെ 113 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

68 (3499) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫിന്റെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഇവിടെ സർജറി വിഭാഗം പ്രവർത്തനക്ഷമമല്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; സർജനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് മാത്രമേ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിലേയ്ക്ക് ഉയർത്താനാകുകയുള്ളൂ. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർജറി വിഭാഗത്തിൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ

69 (3500) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂർണ്ണമായും തീരദേശമണ്ഡലമായ വൈപ്പിനിലെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത സെന്ററിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ വ്യാപ്തി, ഓൾഡ് ഏജ് ഹോമിന്റെ സാമീപ്യം എന്നിവ കണക്കിലെടുത്ത് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് മുഖേന എടവനക്കാട് പി.എച്ച്.സി.യിൽ 14 കിടക്കകളുള്ള ഐ.പി. വാർഡ് പണിതിട്ടുണ്ടെങ്കിലും 24x7 പി.എച്ച്.സി.യായി അപ്ഗ്രേഡ് ചെയ്താൽ മാത്രമേ കിടത്തി ചികിത്സ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത പി.എച്ച്.സി.-യിലെ ശരാശരി ഒ.പി. 100 ആണ്. 79 സെന്റ് സ്ഥലത്താണ് ഈ പി.എച്ച്.സി. സ്ഥിതിചെയ്യുന്നത്. ഈ കോമ്പൗണ്ടിനുള്ളിൽതന്നെ ഓൾഡ് ഏജ് ഹോം പ്രവർത്തിക്കുന്നുണ്ട്. കിടത്തി ചികിത്സ പി.എച്ച്.സി.-കളുടെ പ്രവർത്തന ലക്ഷ്യമല്ല. സംസ്ഥാന/ദേശീയതലത്തിലുള്ള ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളുമാണ് പി.എച്ച്.സി.-കളുടെ പ്രവർത്തന ലക്ഷ്യം. എടവനക്കാട് പി.എച്ച്.സി-യെ 24x7 പി.എച്ച്.സി.ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly